# കേരള ശാസ്ത്രസാഹിത്യ പരിഷത്ത് 48ാം സംസ്ഥാനവാർഷികം അംഗീകരിച്ച പ്രമേയം

## വിവരസാങ്കേതിക വിദ്യാരംഗത്ത് മലയാള ഭാഷയുടെ ഉപയോഗം വർദ്ധിപ്പിക്കുക

ലോകത്തെല്ലായിടത്തേയും പോലെ കേരളത്തിലും വിവരസാങ്കേതിക വിദ്യ ജീവിതത്തിന്റെ സമസ്തമേഖലകളിലും വ്യാപിക്കുകയാണ്. വിവരസാങ്കേതികവിദ്യയുടെ ഈ വ്യാപനം അറിഞ്ഞോ അറിയാതെയോ നമ്മുടെ ദൈനംദിനവ്യവഹാരങ്ങളിൽ മലയാള ഭാഷയുടെ ഉപയോഗത്തെ തടസ്സപ്പെടുത്തുന്ന രീതിയിലായി മാറുന്നു എന്ന വസ്തുതയിലെ അപകടം ചൂണ്ടിക്കാണിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കേരള സർക്കാരിന്റെ പ്രധാന വെബ്സൈറ്റ് മലയാളത്തിൽ ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. മലയാളം ഉള്ള നിരവധി വെബ്സൈറ്റുകളിൽ പോലും ഏകീകൃതലിപികൾ (ഫോണ്ടുകൾ) ഉപയോഗപ്പെടുത്താത്തതുകാരണം വിദേശമലയാളികൾ ഉൾപ്പെടെ പലർക്കും അവ അപ്രാപ്യമായി തുടരുന്നു എന്ന യാഥാർത്ഥ്യവുമുണ്ട്. കേരളവുമായി ബന്ധപ്പെട്ട എല്ലാ ഐടി സംവിധാനങ്ങളിലും യൂണികോഡ് സമ്പ്രദായത്തിലുള്ള മലയാളലിപികൾ ഉപയോഗപ്പെടുത്തി ഇവയുടെ ഉപയോഗം സുഗമമാക്കണം എന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും അതു നടപ്പിലാക്കുന്നില്ല.

ബഹുഭൂരിപക്ഷം പേരുടെ കയ്യിലും മൊബൈൽഫോൺ എത്തിക്കഴിഞ്ഞിരിക്കുന്നു എന്ന യാഥാർത്ഥ്യത്തെ ഭരണസുതാര്യതക്കായി ഉപയോഗപ്പെടുത്താനുള്ള കേരള സർക്കാരിന്റെ എം-ഗവേൺസ് അഥവാ മൊബൈൽ ഭരണപദ്ധതിയെ സ്വാഗതം ചെയ്യുമ്പോഴും, ഇത്തരം പദ്ധതികളിൽ അയക്കുന്ന എസ്.എം.എസുകൾ മലയാളത്തിലല്ല മറിച്ച് ഇംഗ്ലീഷിലാണ് എന്ന കുറവ് ചൂണ്ടികാണിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു. ഇംഗ്ലീഷ് ലിപി അറിയാത്ത സാധാരണ സാക്ഷരർക്ക് മൊബൈൽ ഭരണസംവിധാനം ഉപയോഗിക്കുന്നതിന് ഈ കുറവ് തടസ്സമാകുന്നു. മൊബൈൽ ഭരണസംവിധാനത്തിൽ മലയാളത്തിന്റെ തനതുലിപിയിലുള്ള ഉപയോഗം സാധ്യമാക്കാനും, പ്രചരിപ്പിക്കാനും ഉള്ള നടപടികൾ ഉടൻ തുടങ്ങണമെന്ന് ഞങ്ങൾ ബന്ധപ്പെട്ട എല്ലാവരോടും അഭ്യർത്ഥിക്കുന്നു. മലയാളത്തേക്കാൾ എത്രയോ അധികം സങ്കീർണ്ണമായ ലിപികളുള്ള ചൈനീസ്, ജാപ്പനീസ് ഭാഷകൾ മൊബൈൽ ഫോണുകളിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ മലയാളം ലിപി ഈ പദ്ധതിയിൽ ഉപയോഗിക്കുന്നത് സാങ്കേതികമായി അസാധ്യമായ ഒരു കാര്യമല്ല. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന സാങ്കേതികപ്രശ്നങ്ങൾ പരിഹരിക്കാൻ ഗവേഷകർ, മൊബൈൽ ഫോൺ നിർമ്മാതാക്കൾ, സേവനദാതാക്കൾ എന്നിവരുടെ സഹായം തേടാൻ സർക്കാർ മുൻകൈയെടുക്കണം എന്നുകൂടി ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

മലയാളം മറന്നുകൊണ്ടുള്ള ഐടി വ്യാപനത്തിന്റെ അപകടങ്ങളെപ്പറ്റി പറയുമ്പോൾ തന്നെ, ഐടിയുടെയും വിശേഷിച്ച് യൂണികോഡ് സാങ്കേതികവിദ്യയുടേയും വളർച്ച മലയാളമുൾപ്പെടെയുള്ള എല്ലാ പൌരസ്ത്യഭാഷകൾക്കും തരുന്ന പുതിയ സാധ്യതകൾ കേരളത്തിലെ ഭരണവകുപ്പുകളിലും കോടതികളിലും, ബാങ്ക്, സഹകരണബാങ്ക് മുതലായ ധനകാര്യസ്ഥാപനങ്ങളിലും മലയാളത്തിന്റെ പ്രയോഗം വ്യാപകമാക്കാൻ ഉപയോഗിക്കണമെന്നുകൂടി ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇന്റർനെറ്റും, യൂണികോഡും വ്യാപകമാകുന്നതിന് മുമ്പ് സാങ്കേതിക വൈഷമ്യങ്ങൾ, വിശേഷിച്ചും ടൈപ്പ്റൈറ്റർ കീബോർഡുമായി ബന്ധപ്പെട്ട സാങ്കേതികവൈഷമ്യങ്ങൾ, മലയാളത്തിന്റെ വ്യാപകഉപയോഗത്തെ തടസ്സപ്പെടുത്തിയിരുന്നു എന്നത് വസ്തുതയാണ്. എന്നാൽ സാങ്കേതികവിദ്യാരംഗത്തെ പുതിയ മുന്നേറ്റങ്ങൾ അത്തരം വൈഷമ്യങ്ങൾ പരിഹരിച്ചുകഴിഞ്ഞിരിക്കുന്നു എന്നത് സന്തോഷപ്രദമാണ്. ഈ പുതിയ സാഹചര്യത്തിൽ മലയാളത്തിന്റെ ഔദ്യോഗികരംഗത്തെ ഉപയോഗം ശക്തിപ്പെടുത്താൻ താഴെപറയുന്ന നടപടികൾ എടുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**1)** ഏറ്റവും താഴ്ന്നതലം മുതൽ ഏറ്റവും ഉയർന്നതലം വരെയുള്ള (ഐ.എ.എസ്.കാർ ഉൾപ്പെടെ) എല്ലാ സർക്കാർ ഉദ്യോഗസ്ഥർക്കും മലയാളം ഫയലുകൾ കമ്പ്യൂട്ടറിൽ കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യം ഉറപ്പാക്കാനുള്ള പരിശീലനം നൽകണം. സർക്കാർ ശമ്പളം പറ്റുന്ന എയ്ഡഡ് ഉൾപ്പെടെയുള്ള സ്കൂൾ / കോളേജ് അധ്യാപകർക്കും മലയാളം കമ്പ്യൂട്ടറിൽ കൈകാര്യം ചെയ്യാനുള്ള പരിശീലനം നൽകാനുള്ള സംവിധാനം ഒരുക്കണം. ഐടി അറ്റ് സ്കൂൾ മുതലായ നിലവിലുള്ള സംവിധാനങ്ങളെ ഇതിനുപയോഗപ്പെടുത്തണം. കടലാസ് രഹിത ഭരണസംവിധാനത്തിന്റെ ഭാഗമായി എല്ലാ ഉദ്യോഗസ്ഥരുടെ മുമ്പിലും കമ്പ്യൂട്ടർ ടെർമിനലുകൾ എത്തുമ്പോൾ അവർ ഫയലുകളിൽ ഇംഗ്ലീഷ് ഉപയോഗിക്കില്ല എന്നത് ഉറപ്പുവരുത്താൻ ഇതാവശ്യമാണ്.

**2)** ബാങ്ക്, സഹകരണബാങ്ക് മുതലായ മേഖലകളിൽ പണിയെടുക്കുന്നവർക്കും ഇത്തരം പരിശീലനസംവിധാനം ഒരുക്കണം. എല്ലാ രേഖകളും മലയാളത്തിൽ കൂടി ലഭ്യമാക്കാൻ ഈ സ്ഥാപനങ്ങളുടെ മാനേജ്മെന്റുകളെ പ്രേരിപ്പിക്കണം.

**3)** നിലവിൽ ഇംഗ്ലീഷിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നവർക്ക് പെട്ടെന്ന് മലയാളത്തിലേക്ക് മാറുക എളുപ്പമല്ല എന്ന യാഥാർത്ഥ്യമുണ്ട്. ഈ മാറ്റം എളുപ്പമാക്കാൻ വേണ്ടി കേരള സർക്കാരിന്റെ മുൻകയ്യിൽ വെബ്അധിഷ്ഠിത യാന്ത്രികതർജമ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ അതിവേഗം തുടങ്ങണമെന്നുകൂടി ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇത്തരം സംവിധാനം നടപ്പിലായാൽ ഇന്ന് ഇംഗ്ലീഷിൽ ഉത്തരവുകളും, വിധികളും തയ്യാറാക്കുന്ന ഉന്നതഉദ്യോഗസ്ഥർക്കും, ജഡ്ജിമാർക്കും ഇംഗ്ളീഷ് പകർപ്പിനോടൊപ്പം തത്സമയം തന്നെ അതിന്റെ മലയാളം പകർപ്പും (ആവശ്യമെങ്കിൽ ഹിന്ദി പകർപ്പും) തയ്യാറാക്കാനും, അതുവഴി ഭരണഭാഷ (കോടതിഭാഷയും) മലയാളമാക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്താനും കഴിയും.

**4)** മലയാളം ഇന്ന് നേരിടുന്ന ഒരു പ്രതിസന്ധി ശാസ്ത്രസാങ്കേതിക പ്രസിദ്ധീകരണങ്ങളുടെ കുറവാണ്. മൌലികമായ കൃതികളുടെ രചനവഴിയും, തർജ്ജമ വഴിയും ഈ പ്രതിസന്ധി മറികടക്കാനുള്ള ഒരു ബൃഹദ്പരിപാടി ആവിഷ്കരിക്കണമെന്നും ഞങ്ങൾ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. മുകളിൽ സൂചിപ്പിച്ച യാന്ത്രികതർജ്ജമസംവിധാനം നടപ്പിലായാൽ അത് ഈ കുറവ് പരിഹരിക്കാനും വഴിയൊരുക്കും.

**5)** യൂണിക്കോഡ് മലയാളം ഫോണ്ടുകളുടെ സാങ്കേതിക പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കുന്നതിനും ഇക്കാര്യത്തിൽ മൈക്രോസോഫ്റ്റ് പോലുള്ള കുത്തകകളുടെ താല്പര്യങ്ങൾ അടിച്ചേല്പിക്കുന്നത് തടയുന്നതിനുമായി കേരള സർക്കാർ യൂണിക്കോഡ് കൺസോർഷ്യത്തിൽ അംഗമാകണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു,